ഭക്ഷണ വിഭവങ്ങളുടെ അമിതവില

18 (*678) ശ്രീ. പി. കെ. ബഷീർ :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയിൽ വിലനിലവാര ബോർഡുകൾ പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ; എങ്കിൽ അത്തരമൊരു വ്യവസ്ഥയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ബോർഡുകളിൽ പ്രദർശിപ്പിക്കുന്ന വില ന്യായമാണോ എന്നു പരിശോധിക്കാൻ നിലവിൽ മാനദണ്ഡമെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) വിലനിലവാര ബോർഡുകൾ പ്രദർശിപ്പിച്ചും അല്ലാതെയും അമിതവില ഈടാക്കി ഭക്ഷണവിഭവങ്ങൾ വിപണനം നടത്തുന്നത് നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് ; പ്രസ്തുത നടപടികൾ ഉപഭോക്താക്കൾക്ക് ഗുണം ചെയ്യുന്നുണ്ടോ ; ഇല്ലെങ്കിൽ ഫലപ്രദമായ എന്തൊക്കെ നടപടികളാണ് പരിഗണനയിലുള്ളത് ; വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഹോട്ടലുകൾ, റസ്റ്റോറന്റുകൾ എന്നിവയിൽ വിലനിലവാര ബോർഡുകൾ പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവ പ്രദർശിപ്പിക്കുന്നതിലൂടെ ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് തടയാൻ കഴിയുന്നു. ഉപഭോക്താക്കൾക്ക് ഭക്ഷ്യവസ്തുക്കളുടെ വില അറിയുന്നതിനും, ഹോട്ടൽ ഉടമ അതേ നിരക്കിൽതന്നെ വില ഈടാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സഹായകരമാകുക എന്നതാണ് ഇതിന്റെ ഉദ്ദേശ ലക്ഷ്യം.

(ബി) ഹോട്ടലുകളിലും, റസ്റ്റോറന്റുകളിലും വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോടുള്ള അധികാരം നിലവിൽ സിവിൽസപ്ലൈസ് വകുപ്പിനില്ല.

(സി) ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും, പോലീസ്, ആരോഗ്യം, റവന്യൂ, ലീഡൽ

LIBRARY ARCHIVES Kerala Legislative Assembly

മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും ഹോട്ടലുകളിൽ നിരന്തരം പരിശോധന നടത്തുകയും നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ Kerala Food Stuffs (Display of prices by catering establishment) order പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യുന്നു. പ്രസ്തുത നടപടികൾ ഉപഭോക്താക്കൾക്ക് ഒരു പരിധിവരെ ഗുണം ചെയ്യുന്നുണ്ട്. ഭക്ഷണ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് ഫലപ്രദമായി തടയുന്നതിനും ഒരേ ഭക്ഷണത്തിനുതന്നെ പല ഹോട്ടലുകളിൽ വ്യത്യസ്ത വില ഈടാക്കുന്നതും, ഏറ്റവും അത്യാവശ്യ ഭക്ഷണ പദാർത്ഥങ്ങൾക്കുപോലും യാതൊരു മാനദണ്ഡവുമില്ലാതെ അമിത വില ഈടാക്കുന്നതും തടയുന്നതിലേക്കായി ഒരു നിയമ നിർമ്മാണത്തിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

മാവേലിസ്റ്റോറുകളുടെ പ്രവർത്തനം

19 (*879) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിസ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഗുണഭോക്തൃ കമ്മിറ്റിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; ഇതിനകം എത്ര ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ചുവെന്ന് അറിയിക്കുമോ ;

(സി) ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച സ്ഥലങ്ങളിൽ മാവേലി സ്റ്റോറുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) മാവേലിസ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ തഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

1. ഡിപ്പോതലത്തിൽ ജൂനിയർ മാനേജർ (മാർക്കറ്റിംഗ് ആന്റ് ഇൻസ്പെക്ഷൻ) മുഖേന നടത്തുന്ന നിരീക്ഷണ സംവിധാനവും, എല്ലാ മാസവും ഡിപ്പോതലത്തിൽ നടത്തുന്ന അവലോകന മീറ്റിങ്ങുകളും മാവേലിസ്റ്റോറുകളുടെ കാര്യക്ഷമത ഉയർത്തുവാൻ സഹായകരമാകുന്നുണ്ട്.

2. ഡിപ്പോതലത്തിൽ ജൂനിയർ മാനേജർമാർ (മാർക്കറ്റിംഗ് ആന്റ് ഇൻസ്പെക്ഷൻ) നടത്തുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട് റീജിയണൽ തലത്തിലും ഹെഡാഫീസ് തലത്തിലും അവലോകനം നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly